**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/06/2026

1. സംസ്ഥാന കൃഷിവകുപ്പിന്റെ സമഗ്ര പച്ചക്കറി പുഷ്പ ഉത്പാദന യജ്ഞത്തിന്റെ ഭാഗമായി ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കി ആകാശവാണിയുടെ എഫ്എം നിലയങ്ങളിലൂടെ പ്രക്ഷേപണം ചെയ്തുവരുന്ന ഞാറ്റുവേല പരിപാടിയിൽ ഇന്ന് (15/06/2026) മുതൽ "ഓണത്തിന് ഒരുക്കാം വിളവിന്റെ വിസ്മയം" എന്ന പേരിൽ പുതിയ പരമ്പര ആരംഭിക്കുന്നു. പച്ചക്കറി കൃഷിയുടെ മുന്നൊരുക്കങ്ങളെ കുറിച്ചും ഓരോ ഘട്ടങ്ങളിലും അനുവർത്തിക്കേണ്ട കാർഷിക മുറകളെ കുറിച്ചും, കർഷകർക്ക് അറിവ് പകരുന്ന പാരമ്പരയാണിത്. എല്ലാ തിങ്കളാഴ്ചകളിലും 11 അധ്യായങ്ങളിലായിട്ടാണ് ഈ പരിപാടി പ്രക്ഷേപണം ചെയ്യുന്നത്. കൃഷിവകുപ്പ് മന്ത്രി ടി സിദ്ധിഖിന്റെ ഉദ്ഘാടന സന്ദേശത്തോടെയാണ് പരമ്പരക്ക് തുടക്കം.

2. കർഷകരുടെയും കാർഷിക സംരംഭകരുടെയും കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് മികച്ച പിന്തുണ നൽകുന്ന കാർഷിക അടിസ്ഥാന സൗകര്യ വികസന വായ്പ പദ്ധതിയിൽ (Agriculture Infrastructure Fund – AIF) അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2026 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചതായി കൃഷി ഡയറക്ടറേറ്റ് അറിയിച്ചു. പദ്ധതിയുടെ ഭാഗമായി 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 7 വർഷത്തേക്ക് 3 ശതമാനം സബ്സിഡിയോട് കൂടി 6 ശതമാനം പലിശക്കാണ് കാർഷിക വായ്പകൾ ലഭ്യമാകുക. കൂടാതെ, ക്രെഡിറ്റ് ഗ്യാരണ്ടി കവറിന്റെ പരിധിയിൽ വരുന്ന 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് അധിക ഈട് നൽകേണ്ടതില്ല.

3. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർധിത ഉൽപ്പന്ന നിർമാണം, ശീതീകരണ ശൃംഖല, കാർഷിക യന്ത്രവത്കരണം, ഡ്രോൺ സേവന കേന്ദ്രങ്ങൾ, കാർഷിക ലോജിസ്റ്റിക്സ് തുടങ്ങി വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് AIF പദ്ധതിയിലൂടെ ധനസഹായം ലഭ്യമാക്കാം. PMFME, SMAM, MIDH, SHM ഉൾപ്പെടെയുള്ള കേന്ദ്ര–സംസ്ഥാന സബ്സിഡി പദ്ധതികളുമായി സംയോജിപ്പിച്ചും AIF പദ്ധതിയുടെ ആനുകൂല്യങ്ങൾ

പ്രയോജനപ്പെടുത്താൻ സാധിക്കും. പദ്ധതിയുടെ വിശദാംശങ്ങൾക്കായി കർഷകരും കാർഷിക സംരംഭകരും സമീപത്തെ ബാങ്ക് ശാഖകളുമായോ കൃഷിഭവനുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾ www.agriinfra.dac.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനതല പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുമായി ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പറുകൾ: 8137008197, 8921540233, 9020060507.

4. സബ് സിഡി വളം വിതരണ സംവിധാനം കൂടുതൽ ചിട്ടയോടുകൂടി കർഷക കേന്ദ്രീകൃതവും, സുതാര്യവും ആവശ്യാനുസൃതമുള്ളതുമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്മെന്റ് ഓഫ് ഫെർട്ടിലൈസേർസും ഡിപ്പാർട്മെന്റ് ഓഫ് അഗ്രിക്കൾച്ചർ ആൻഡ് ഫാർമേഴ്സ് വെൽഫെയർസും സംയുക്തമായി **ഫ്രെയിംവർക് ഫോർ ഫെർട്ടിലൈസർ സെയിൽസ്** (FFS) എന്ന പേരിൽ പുതിയ ഒരു ഡിജിറ്റൽ സംവിധാനം വികസിപ്പിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു. പ്രത്യേക FFS ആപ്പിലൂടെ ലഭ്യമാകുന്ന QR കോഡ് /ടോക്കൺ മുഖേന കർഷകർക്ക് വളം വാങ്ങാവുന്നതാണ്. പയലറ്റ് പദ്ധതിയായി കേരളത്തിൽ ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിൽ ജൂൺ 15 മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു. കൂടുതൽ

വിവരങ്ങൾക്ക് ആലപ്പുഴ, പാലക്കാട് ജില്ലകളിൽ കർഷകരും വളം ചില്ലറ വില്പനക്കാരും അതാത് കൃഷി ഭവനുമായി ബന്ധപ്പെടേണ്ടതാണ്.

5. ക്ഷീരവികസന വകുപ്പിന്റെ N A B L അക്രഡിറ്റേഷൻ ലഭിച്ച സ്റ്റേറ്റ് ഡയറി ലാബിൽ പാൽ, പാലുല്പന്നങ്ങൾ, കുടിവെള്ളം, കാലിത്തീറ്റ, കാലിത്തീറ്റ ഉത്പാദിപ്പിക്കാൻ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, ധാന്യങ്ങൾ പയർവർഗ്ഗങ്ങൾ, എന്നിവയുടെ കെമിക്കൽ, മൈക്രോബയോളജി പരിശോധനകൾ ചെയ്യുന്നുണ്ട്. ഇതോടൊപ്പംതന്നെ പാൽ, പാലുല്പന്നങ്ങൾ എന്നിവയുടെ FSSAI പ്രകാരമുള്ള കെമിക്കൽ പരിശോധനകളിലും, കുടിവെള്ളം, FOOD, Milk & Milk Products എന്നിവയുടെ മൈക്രോബയോളജി പരിശോധനകളിലും ലാബിൽനിന്നും പരിശീലനം നൽകുന്നുണ്ട്. പരിശോധനകൾക്കും, പരിശീലനങ്ങൾക്കും സർക്കാർ അംഗീകൃത നിരക്കുകളും ഈടാക്കുന്നുണ്ട് . കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471-2445749, 2445799, e-mail: dir.dairy@kerala.gov.in ,cru.ddd@kerala.gov.in.

6. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ തിരുവനന്തപുരം നോഡൽ ഓഫീസിലേയ്ക്ക് **ക്ഷീര ജാലകം** സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട് ജില്ലയിൽ ഫീൽഡ് തലത്തിൽ ക്ഷീര കർഷകരെയും ക്ഷീര സംഘങ്ങളെയും സഹായിക്കുന്നതിനും

ഓൺലൈൻ ജോലികൾ നിർവഹിക്കുന്നതിനും ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് ദിവസ വേതന അടിസ്ഥാനത്തിൽ ഒരു ഒഴിവിലേയ്ക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത - ഹയർ സെക്കൻഡറി/ഡിപ്ലോമ, കമ്പ്യൂട്ടർ പരിജ്ഞാനം. പ്രായം 01-06-2026 ന് 18നും -40നും ഇടയിൽ. യോഗ്യത സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ പകർപ്പ് സഹിതം 2026 ജൂൺ 20 വൈകിട്ട് 5 മണിക്ക് മുമ്പായി നേരിട്ടോ, തപാൽ മുഖേനയോ ക്വാളിറ്റി കൺട്രോൾ ഓഫീസർ, ക്വാളിറ്റി കൺട്രോൾ ഓഫീസ്, ക്ഷീരവികസന വകുപ്പ്, പട്ടം, തിരുവനന്തപുരം -695004 എന്ന വിലാസത്തിൽ അപേക്ഷിക്കണം. കൂടിക്കാഴ്ചയ്ക്ക് അർഹരായവരുടെ പട്ടിക ജൂൺ 23 ന് രാവിലെ 11 മണിക്ക് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും. കൂടിക്കാഴ്ച ജൂൺ 26 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരം ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ കാര്യാലയത്തിൽ വെച്ച് നടത്തുന്നതാണ്. ഫോൺ-9446453247, ഇമെയിൽ - qcotvm.dairy@kerala.gov.in, qcotvm@gmail.com

## പരിശീലന പരിപാടി

7. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **“കൂൺ കൃഷി”** എന്ന വിഷയത്തിലെ സൗജന്യ

ഓൺലൈന് കോഴ്സിന്റെ പുതിയ ബാച്ച് **2026 ജൂൺ 27** ന് ആരംഭിക്കുന്നു. ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്യാം. ജൂലൈ 7 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **ജൂൺ** 27 മുതൽ യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളില് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0487-2438566.